**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238** **24-02-2026 - ൽ മറുപടിയ്ക്ക്**

**ആദിവാസി ക്ഷേമ ശാക്തീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി ശാക്തീകരണത്തിനായി 1996-ൽ പാർലമെന്റ് പാസാക്കിയ 'പെസ' നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | **പെസ ആക്ട് 1996 കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത നിയമത്തിന്റെ കീഴിൽ കൊണ്ട് വരാൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങൾ തെരെഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.** |
| (ബി) | ആദിവാസി ക്ഷേമ ശാക്തീകരണ പദ്ധതികളിൽ വലിയ തോതിൽ ഫണ്ട് വിനിയോഗം നടക്കുന്നുണ്ടെങ്കിലും പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്താത്തതിന്റെ കാരണത്തെക്കുറിച്ച് സർക്കാർ പഠനം നടത്തി തിരുത്തൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | **പട്ടികവർഗ്ഗ വിഭാഗക്കാരുടെ പുരോഗതിയ്ക്കും ആവശ്യങ്ങൾക്കും അനുസരിച്ചാണ് സർക്കാർ തലത്തിൽ പദ്ധതികൾ രൂപീകരിക്കുന്നത്. ഇതിനെ സംബന്ധിച്ച് ഒരു സാമൂഹിക-സാമ്പത്തിക സർവ്വേ നിലവിൽ നടത്തിവരുകയും ആയത് പ്രസിദ്ധീകരിക്കുന്നതിന്റെ അവസാന ഘട്ടത്തിലുമാണ്. വിദ്യാഭ്യാസ ആരോഗ്യ പശ്ചാത്തല സൗകര്യം, ജീവനോപാധി പ്രവർത്തനങ്ങൾ ഉടങ്ങിയവയ്ക്ക് മുൻതൂക്കം നൽകി വിവിധ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ പരിഗണിച്ച് വിവിധ വകുപ്പുകളുമായി സംയോജിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.** |
| (സി) | ആദിവാസി ഊരുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സമഗ്രമായ കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കുമോ? | (സി) | **ആദിവാസി ഊരുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.**<br><br>**സംസ്ഥാനത്തെ പട്ടികവർഗ സങ്കേതങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. സംസ്ഥാനത്തെ ഏറ്റവും പിന്നോക്കം നിൽക്കുന്നതും വികസന പ്രവർത്തനങ്ങൾ** |

ആവശ്യമുള്ളതുമായ പട്ടികവർഗ്ഗ ഉന്നതികളെ തെരഞ്ഞെടുത്ത് പ്രസ്തുത ഉന്നതികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് ഓരോ ഉന്നതിയിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ അംബേദ്ക്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ ഉന്നതികളിൽ റോഡ്/നടപ്പാത, കുടിവെള്ള വിതരണം, സൗരോർജ്ജ വിളക്കുകൾ/മിനിമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കൽ, ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങൾ, ഖരദ്രവ്യമാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഭവനപുനരുദ്ധാരണം, ടോയ്ലെറ്റ് നിർമ്മാണം/ഉപയോഗയോഗ്യമാക്കൽ, വിജ്ഞാനവാടി നിർമ്മാണം/മെയിന്റനൻസ്, സെറ്റിൽമെന്റിനുള്ളിലെ ആസ്തികളിലെ മെയിന്റനൻസ്, പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കളിസ്ഥലം, കാവ്, കുളം ഉൾപ്പെടെ), സംരക്ഷണഭിത്തി നിർമ്മാണം (മണ്ണിടിച്ചിൽ ഭീഷണിയുള്ള സാഹചര്യത്തിൽ മാത്രം), കിണർ നവീകരണം, സാംസ്കാരിക നിലയം, വായനശാല എന്നിവയുടെ നിർമ്മാണവും സജ്ജീകരണവും മുതലായവയാണ് അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ.

പട്ടികവർഗ്ഗ പ്രദേശങ്ങളിൽ ഉണ്ടാകാവുന്ന നിർണ്ണായകമായ വിടവ് നികത്തുന്നതിനാണ് കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നത്. പട്ടികവർഗ്ഗ മേഖലകളിൽ ജല വിതരണം, ശുചിത്വം, കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി തുടങ്ങിയ കമ്മ്യൂണിറ്റി ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും എത്തിപ്പെടാൻ പ്രയാസമേറിയ സ്ഥലങ്ങളിലേക്ക് നടപ്പാതകൾ, പാലങ്ങൾ, റോഡ്, കലുങ്കുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായിട്ടാണ് കോർപ്പസ് ഫണ്ട് കൂടുതലായി വിനിയോഗിച്ച് വരുന്നത്.

2025-26 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതിയാണ് "special package for addressing critical gaps in unnathis". പട്ടിക വർഗ്ഗ ഉന്നതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, എല്ലാവരെയും ഉൾകൊള്ളുന്ന വികസനം ഉറപ്പാക്കി പട്ടികവർഗ്ഗക്കാരുടെ മൊത്തത്തിലുള്ള ക്ഷേമം വർദ്ധിപ്പിക്കുക എന്നിവ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നു. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടാത്തതും വികസന പദ്ധതികൾക്ക് സഹായം ആവശ്യമുള്ളതുമായ പട്ടികവർഗ്ഗ ഉന്നതികളിൽ കുടിവെള്ളം, വൈദ്യുതി കണക്ഷനുകൾ, ഗതാഗത

| | | | |
|---|---|---|---|
| | | | **യോഗ്യമായ റോഡുകൾ, അങ്കണവാടികൾ/ക്രഷുകൾ മുതലായ ശിശു പരിപാലന സൗകര്യങ്ങൾ, ശ്മശാനങ്ങൾ, ശുചിത്വ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് ഈ പദ്ധതി പ്രാധാന്യം നൽകുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനു 4/11/2025ലെ സ.ഉ (സാധാ) നം. 887/2025/SCSTD പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ